എം. പി.(2)4458/2019.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 12.10.2020

## സർക്കുലർ നമ്പർ: 70/2020

വിഷയം :- സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗും, മാർക്കറ്റിംഗും - സംഘങ്ങളിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുന്നത് - സംബന്ധിച്ച്.

******

സുരക്ഷിത ഭക്ഷ്യോല്പന്നങ്ങൾ ഉൾപ്പെടെ ഗുണനിലവാരമുള്ള ഒട്ടനവധി ഉൽപ്പന്നങ്ങൾ കേരളത്തിലെ വിവിധങ്ങളായ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് 2019 ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന അന്തർ ദേശീയ ട്രേഡ് ഫെയറിൽ അവാർഡും സ്വീകാര്യതയും ലഭിച്ചിട്ടുണ്ട്. എന്നാൽ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഉചിതമായ വിപണി കണ്ടെത്തുവാൻ മിക്ക സംഘങ്ങൾക്കും സ്വന്തം നിലയിൽ കഴിയുന്നില്ല. മേൽ സാഹചര്യത്തിൽ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളെ ഏകോപിപ്പിച്ച് ശക്തമായ വിപണി ശൃംഖല രൂപീകരിക്കുകയും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ആധുനിക സാങ്കേതി മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ "Branding & Marketing of Products of Co-Operative Societies" എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സഹകരണ വകുപ്പ് രൂപം നൽകിയിരിക്കുകയാണ്.

കേരളത്തിലെ സഹകരണ മേഖലയുടെ ഒരു നാഴികക്കല്ലായി മാറാൻ പോകുന്ന മേൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സഹകരണ വകുപ്പിനെ സഹായിക്കുന്ന ഒരു ഏജൻസി എന്ന നിലയിൽ സഹകരണ സംഘങ്ങളിൽ നിന്നും താൽപ്പര്യപത്രം(Expression of Interest)ക്ഷണിക്കുന്നു. താല്പര്യപത്രം സംബന്ധിച്ച് വിശദവിവരങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ വെബ് സൈറ്റിൽ (www.cooperation.kerala.gov.in) 08.10.2020ന് പ്രസിദ്ധികരിച്ചിട്ടുണ്ട്. താല്പര്യപത്രം(Expression of Interest) സമർപ്പിക്കുന്നതിനായുള്ള അവസാന തീയതിയും സമയവും - 2020 ഒക്ടോബർ 27 വൈകുന്നേരം 3 മണിവരെയാണ്.

മേൽ വിവരം എല്ലാ ജോയിന്റ് രജിസ്ട്രാർമാരും തങ്ങളുടെ പരിധിയിലുള്ള സംഘങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)
ഡോ.നരസിംഹഗരി റ്റി.എൽ.റെഡ്ഡി. IAS
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും.
2. എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖാന്തിരം)
3. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും.
4. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയനുകൾ
5. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/ജോയിന്റ് രജിസ്ട്രാർമാർക്കും/ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും/അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും.
6. രജിസ്ട്രാറുടെ മേശപ്പുറത്ത്.
7. എഡിറ്റർ, സഹകരണ വീഥി, ജേർണൽ(പ്രസിദ്ധീകരണത്തിന്)
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ
10. സ്പെയർ

//നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി.)

re